പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 83</u> <u>28.01.2019 ൽ മറുപടിക്ക്</u>

## എരുമേലിയിലെ വിമാനത്താവള നിർമ്മാണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.യു. ആർ. പ്രദീപ് | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ശബരിമലയിൽ ദർശനത്തിനായി എത്തുന്ന അയ്യപ്പ ഭക്തർക്ക് കൂടുതൽ യാത്രാ സൗകര്യം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി എരുമേലിയിൽ വിമാനത്താവളം നിർമ്മിക്കുവാൻ സംസ്ഥാന സർക്കാർ നടപടികൾ സ്വീകരിച്ചു വരുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) യും (ബി) യും (സി) യും | ശബരിമല തീർത്ഥാടകരുടെ സൗകര്യാർത്ഥം ഒരു ഗ്രീൻ ഫീൽഡ് എയർപോർട്ട് സ്ഥാപിക്കുന്നതിന് സംസ്ഥാന സർക്കാർ തത്വത്തിൽ അംഗീകാരം നൽകുകയും, സാദ്ധ്യതാ പഠനം നടത്തുന്നതിന് കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷനെ (കെ എസ് ഐ ഡി സി) ചുമതലപ്പെടുത്തുകയുമുണ്ടായി തുടർന്ന് ടെക്നോഇക്കണോമിക് ഫീസിബിലിറ്റി പഠനത്തിനായും, പരിസ്ഥിതി ആഘാത പഠനത്തിനായും Louis Berger Consulting Pvt Ltd എന്ന സ്ഥാപനത്തെ കൺസൾട്ടന്റായി തെരഞ്ഞെടുക്കുകയും ചെയ്തു. കൺസൾട്ടന്റ് ലഭ്യമാക്കിയ പ്രാരംഭ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള മാതൃകയിൽ അന്താരാഷ്ട്ര വിമാനത്താവളം നിർമ്മിക്കുന്നതിനാണ് വിഭാവനം ചെയ്യുന്നത്. ഇതിലേക്കാവശ്യമായ ടെക്നോ ഇക്കണോമിക് ഫീസിബിലിറ്റി റിപ്പോർട്ട് (TEFR) കൺസൾട്ടന്റ് ലഭ്യമാക്കിയിട്ടുണ്ട്. ആയത് സർക്കാരിന്റെ പരിഗണനയിലാണ്. ഇത് അംഗീകരിക്കുന്ന മുറയ്ക്ക് കേന്ദ്രാനുമതി ഉൾപ്പെടെയുള്ളവ ലഭിക്കുന്നതിനാവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | ഇതിന്റെ സാദ്ധ്യതാപഠന റിപ്പോർട്ട് ലഭിച്ചുവോ; വിശദമാക്കാമോ; | | |
| (സി) | കേന്ദ്രാനുമതി ലഭിക്കുന്നതിനായി ഇതിനകം എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ